മാർ നിയമസഭാചോദ്യങ്ങൾവഴിയായും നിവേദനങ്ങൾമുഖേനയും സർക്കാരി നോടാവശ്യപ്പെട്ടതായി ഓർക്കുന്നുണ്ടോ;

(ബി) പറവൂർ താലൂക്ക് ഫുഡ് പ്രൊഡക്ഷൻ കമ്മിറ്റി പ്രസ്തുത പണി അംഗീകരിച്ച് ഗവൺമെന്റിലേക്ക് ശുപാർശ ചെയ്തതായി അറിയാമോ?

പൊതുമരാമത്തും, ഗതാഗതവും, കൃഷിയുംവകുപ്പ് മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്) : (എ) ഉണ്ട്.

(ബി) അറിയാം. ഈ പണി ഫുഡ് പ്രൊഡക്ഷൻബോർഡ് അനുവദിച്ചിട്ടുള്ളതും priority അനുസരിച്ച് ജോലി ആരംഭിക്കുന്നതുമാണ്.

ഇടക്കൊച്ചി ബസ്സ്സ്റ്റാന്റിലെ അസൌകര്യം

*൧൧൯൬. (൩൦) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) എറണാകുളം, കൊല്ലം, പാലാരിവട്ടം, കോട്ടയം, പെരുമ്പാവൂർ, എന്നീ സ്ഥലങ്ങളിലേക്ക് അതിരാവിലെ ഇടവിട്ട് പുറപ്പെടുന്നതും മറ്റുമായ പല ബസ്സുകളുടേയും കേന്ദ്രമായ ഇടക്കൊച്ചിയിൽ വിശ്രമസ്ഥലമോ, മലമൂത്രവിസർജ്ജനാദികർമ്മങ്ങൾക്കുള്ള കെട്ടിടമോ ഇല്ലാത്തതുനിമിത്തം സ്ത്രീപുരുഷന്മാരടങ്ങിയ അനേകം യാത്രക്കാർ വളരെ കഷ്ടപ്പെടുന്നതെന്നുള്ള സംഗതി സർക്കാരിനറിയാമോ;

(ബി) കഴിഞ്ഞ നിയമസഭായോഗത്തിൽ ഈ സംബന്ധിച്ച് ഉന്നയിക്കപ്പെട്ട ഒരു ചോദ്യത്തിനു ഉത്തരമായി ബഹുമാനപ്പെട്ട മന്ത്രി, വേണ്ട കെട്ടിടങ്ങൾ ഉടനടി ഉണ്ടാക്കുവാൻ എസ്റ്റിമേറ്റ് ചെയ്യുന്നതാണെന്നു പറയുകയുണ്ടായില്ലേ?

(സി) ഇനിയെങ്കിലും ഈ അടിയന്തിരാവശ്യം സാധിക്കുന്നതിൽ വേണ്ട നടപടി എടുക്കുമോ?

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) : (എ) ഇപ്പോൾ ഇടക്കൊച്ചി ബസ്സ്സ്റ്റാന്റിൽ ഒരു താൽക്കാലിക ഷെഡ്ഡുണ്ട്. എന്നാലും യാത്രക്കാർക്ക് സൌകര്യക്കുറവുണ്ടെന്നു താങ്കളിനു അറിയാം.

(ബി) വേണ്ട നടപടി എടുക്കുന്നതിനു ശ്രമിക്കാം എന്നു പറയുകയുണ്ടായിട്ടുണ്ട്.

(സി) സമീപമായ കെട്ടിടങ്ങൾ പണിയുവാൻ വേണ്ട നടപടി എടുക്കുന്നുണ്ട്.

CONSTRUCTION OF A BRIDGE

*1196. [30] Sri. Paul Thaliath: Will the Hon'ble Minister for Public Works be pleased to state:

(a) whether the Government have sanctioned the estimate for the construction of a bridge on the Puthenvalikara Poya Road;

(b) if the answer to (a) is in the affirmative when this work will be undertaken; and

(c) if the answer to (a) is in the negative the reasons for the delay in spite of the provision in the Budget.

Minister for Public Works, Communications and Agriculture (Sri. E. John Philipose):

(a) Yes.

LIBRARY ARCHIVES Kerala Legislative Assembly

(b) This work will be undertaken very shortly.
(c) Does not arise.

റേഷൻ വിതരണം

*ചോദ്യം 9. (നമ്പ) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

സെപ്തമ്പർ മാസം മുതൽ മൂന്നാം ആഴ്ചവരെ തിരുവിതാംകൂറിൽ ഭക്ഷ്യസാധനങ്ങളും എത്രശതമാനം വിതരണം ചെയ്യുവെന്നും, അതേ അവസരത്തിൽ കൊച്ചിയിൽ എത്രശതമാനം വിതരണം ചെയ്യുവെന്നും പറയുമോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഓരോ കാർഡുകാരനും ഓരോ ദിവസത്തിലോ, ആഴ്ചയിലോ, എത്രശതമാനം റേഷൻ നൽകി എന്നുള്ളതിന്റെ കണക്കെടുക്കുവാൻ പ്രയാസമാണ്. എന്നാൽ ഈ ആഴ്ചകളിൽ കൊച്ചിയിലെ റേഷൻ വിതരണം തിരുവിതാംകൂറിലേതിനേക്കാൾ പൊതുവെ തൃപ്തികരമായിരുന്നു. പുറമെനിന്നു കിട്ടിയിരുന്ന സ്റ്റോക്കിന്റെ കുറവുമൂലം സ്റ്റോറിന്റെ ഓരോ താലൂക്കുകളിലും അവിടെനിന്നു വാങ്ങുന്ന നെല്ലുതന്നെയാണ് മുഖ്യമായി വിതരണംചെയ്തിരുന്നതു്. കൂടുതൽ നെല്ലു കിട്ടുന്ന താലൂക്കുകളിൽ റേഷൻ വിതരണം തൃപ്തികരമായിരുന്നു. തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിൽനിന്നു കൂടുതൽ നെല്ലു വാങ്ങുവാൻ കഴിഞ്ഞതിനാലും അവിടെ സ്റ്റോക്കു് അങ്ങുമിങ്ങും കൊണ്ടുപോകുവാൻ വാഹനസൗകര്യങ്ങളും കൂടുതൽ ഉള്ളതുകൊണ്ടുമാണ് റേഷൻവിതരണം കൊച്ചിയിൽ തിരുവിതാംകൂറിലേക്കാൾ തൃപ്തികരമായിരുന്നതു്.

പുതിയ റേഷൻ ഡിപ്പോകൾ

*ചോദ്യം. (നമ്പ) ശ്രീമതി ദേവകീഗോപിദാസ്: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പുതിയതായി റേഷൻ ഡിപ്പോകൾ അനുവദിക്കുന്നതിനു ശുപാർശചെയ്തു റിപ്പോർട്ടയക്കുവാൻ പാടില്ലെന്നു് ഗവൺമെണ്ടിൽനിന്നോ ഫുഡ് സപ്ലൈസ് ഡിപ്പാർട്ടുമെണ്ടിൽനിന്നോ ഒരു സർക്കുലർ അയച്ചിട്ടുണ്ടോ;

(ബി) അപ്രകാരം ഒരു സർക്കുലർ അയക്കുന്നതിനുള്ള പ്രേരിപ്പിച്ച സംഗതി എന്തായിരുന്നുവെന്നു പറയുമോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.
(ബി) ഉദ്ഭവിക്കുന്നില്ല.

പാലംപണി

*ചോദ്യം 10. (മ ഫ) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

കൊടുങ്ങല്ലൂരിലെ കാവിൽ–പുല്ലൂറ്റു പാലം പണി എപ്പോൾ നടത്തും?

പൊതുമരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൻ ഫിലിപ്പോസ്): നിശ്ചിതസമയം പറയുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly